ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

40 (328) ബാർ ലൈസൻസ്

ശ്രീ. ജോണി നെല്ലൂർ :

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നിതിനുശേഷം എത്ര ബാർ ലൈസൻസുകൾ പുതുക്കിനൽകിയിട്ടുണ്ട്; എവിടെയെല്ലാം;

(ബി) ലൈസൻസുകൾ പുതുക്കിയപ്പോൾ പ്രവർത്തിച്ചിരുന്ന സ്ഥലങ്ങളിൽനിന്നും ബാറുകൾ മാറ്റി മറ്റ് എവിടെയെങ്കിലും പ്രവർത്തിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ലൈസൻസ് പുതുക്കിക്കൊടുത്തതു സംബന്ധിച്ചും ബാറുകൾ മാറ്റിസ്ഥാപിച്ചതു സംബന്ധിച്ചും ഹൈക്കോടതിയിൽ നിന്നും സുപ്രീം കോടതിയിൽനിന്നും ഉണ്ടായിട്ടുള്ള വിധികൾ എന്തെല്ലാമാണ്; ഇതിൻമേൽ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ)(ബി)&(സി) വിവരം ശേഖരിച്ചുവരുന്നു.

41 (329) വ്യാജമദ്യ വിൽപ്പന

ശ്രീ. ജോണി നെല്ലൂർ :

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വ്യാജമദ്യം വിൽക്കുന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു തടയുന്നതിന് എന്തെല്ലാം നടപടികൾ ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ട്;

(ബി) കേരളത്തിൽ പ്രവർത്തിക്കുന്ന ഡിസ്റ്റലറികളിലേക്ക് വരുന്ന സ്പിരിറ്റ് ഉദ്യോഗസ്ഥൻമാരുടെ അറിവോടുകൂടി വ്യാജമദ്യനിർമ്മാണ കേന്ദ്രങ്ങളിൽ എത്തുന്ന ബാക്കി എത്ര പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്;

(സി) വ്യാജമദ്യത്തിനെതിരെ പ്രവർത്തിച്ച ഏതെങ്കിലും പ്രവർത്തകരെ മദ്യലോബിയുടെ ആളുകൾ കൊലപ്പെടുത്തിയ സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സർക്കാർ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന കള്ളുഷാപ്പുകളിലും ബാറുകളിലും ഇന്ത്യൻ നിർമ്മിത വിദേശ മദ്യഷാപ്പുകളിലും മായം കലർത്തിയ മദ്യം വിൽക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) കേരളത്തിൽ ചില സ്ഥലങ്ങളിൽ വ്യാജമദ്യം വിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വ്യാജവാറ്റും കള്ളച്ചാരായ വിൽപ്പനയും തടയുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

ശക്തമായ റെയിഡുകളും പരിശോധനകളും നടത്തിവരുന്നുണ്ട്. എല്ലാ അബ്കാരി ഷോപ്പുകളും പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. വ്യാജമദ്യവും വാറ്റുപകരണങ്ങളും പിടിച്ചെടുത്ത് നശിപ്പിക്കുന്നുണ്ട്. അബ്കാരി കുറ്റകൃത്യങ്ങൾക്കുള്ള പിഴശിക്ഷ ഏറ്റവും കുറഞ്ഞത് ഒരു ലക്ഷം രൂപയായും തടവുശിക്ഷ പരമാവധി പത്തുവർഷമായും വർദ്ധിപ്പിച്ചിട്ടുണ്ട്. പോലീസ്, എക്സൈസ്, റവന്യൂ എന്നീ വകുപ്പുകളുടെ സംയുക്ത റെയ്ഡുകൾ സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ ക്രൈം സ്റ്റോപ്പർ മുഖേന ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലും കുറ്റവാളികൾക്കെതിരെ നടപടി സ്വീകരിക്കാറുണ്ട്. ഇതിനുംപുറമേ ജില്ലാതലത്തിലും ബ്ലോക്ക്തലത്തിലും വ്യാജമദ്യത്തിനെതിരെ ജനകീയ കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളത് ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്.

(ബി) പരാതി ലഭിച്ചിട്ടില്ല.

(സി) തൃശ്ശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്കിൽ ശ്രീ. രാജൻ എന്നൊരാൾ കൊല്ലപ്പെട്ട സംഭവം ഗവൺമെന്റിന്റ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ലൈസൻസുള്ള കള്ളുഷാപ്പുകളും ബാറുകളും, വിദേശമദ്യഷാപ്പുകളും പരിശോധിക്കുന്നതിന് സ്ഥിരം സംവിധാനമുണ്ട്. അപ്രകാരം നടത്തിയ പരിശോധനകളിൽ ചില ഷാപ്പുകളിൽ മായംകലർന്ന മദ്യം വിൽക്കുന്നതായി കാണപ്പെടുകയും അവയ്ക്കെതിരേ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

42 (330) ചാരായ നിരോധനം

<u>ശ്രീ. കെ.സി. വേണുഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജമദ്യത്തിന്റെ ഉൽപ്പാദനവും വിതരണവും അനിയന്ത്രിതമായി വർദ്ധിപ്പിച്ചുവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യാജമദ്യവുമായി ബന്ധപ്പെട്ട എത്ര കേസ്സുകൾ രജിസ്റ്റർചെയ്തിട്ടുണ്ട് എന്നതിന്റെ ജില്ലതിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്ത് നിലവിലുള്ള ചാരായനിരോധനം എടുത്തുകളയുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) സംസ്ഥാനത്ത് ഏർപ്പെടുത്തിയിട്ടുള്ള ചാരായനിരോധനം കാര്യക്ഷമമായി നിലനിറുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ)&(ബി)ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവ തടയുന്നതിന് ശക്തമായ റെയ്ഡുകളും പരിശോധനകളും നടത്തിവരുന്നുണ്ട്. എല്ലാ അബ്കാരി ഷോപ്പുകളും പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. വ്യാജമദ്യവും വാറ്റുപകരണങ്ങളും പിടിച്ചെടുത്ത് നശിപ്പിക്കുന്നുണ്ട്. അബ്കാരി കുറ്റകൃത്യങ്ങൾക്കുള്ള പിഴശിക്ഷ ഒരുലക്ഷമായും തടവുശിക്ഷ

LIBRARY ARCHIVES Kerala Legislative Assembly